## കോവിഡ് 19 : ഇടുക്കി ജില്ലയിൽ അയൽക്കൂട്ട വനിതകൾക്കായി അടുക്കളത്തോട്ടം ചലഞ്ച് 2020

കോവിഡ് 19 രോഗ പ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ക് ഡൗൺ കാലത്ത് അയൽക്കൂട്ട വനിതകൾക്കായി കാർഷിക ചലഞ്ച് മത്സരം ഒരുക്കുന്നു. അടുക്കളത്തോട്ടം ചലഞ്ച്2020 എന്നാണ് പുതിയ  കാർഷിക മത്സരത്തിന്റെ പേര്. അയൽക്കൂട്ട വനിതകളെ കൃഷിയിൽ സജീവമാക്കിക്കൊണ്ട് ഗാർഹികാവശ്യങ്ങൾ ക്കുള്ള പച്ചക്കറികൾ വീട്ടുമുറ്റത്തു തന്നെ ഉൽപാദിപ്പിക്കുന്നതിനും അതുവഴി അവർക്ക് മാനസികോല്ലാസവും ഊർജവും ലഭ്യമാക്കുകയുമാണ് പദ്ധതി വഴി കുടുംബശ്രീ ഇടുക്കി ജില്ലാമിഷന്റെ ലക്ഷ്യം. ജില്ലയിലെ എല്ലാ കുടുംബശ്രീ കുടുംബങ്ങളിലും അടുക്കളത്തോട്ടം തയ്യാറാക്കി പോഷക സമൃദ്ധവും രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതുമായ പച്ചക്കറികൾ ഉൽപാദിപ്പിച്ച് വീട്ടാവശ്യത്തിന് ഉപയോഗിക്കുകയും മിച്ചമുള്ള പച്ചക്കറികൾ വിറ്റഴിച്ച് അധിക വരുമാനം നേടുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.

ജില്ലയിൽ 54 സി.ഡി.എസുകളിലായി  11,400 ലധികം അയൽക്കൂട്ടങ്ങളും ഇതിൽ 1.45 ലക്ഷത്തിലേറെ അംഗങ്ങളുമുണ്ട്. ഇവരെയെല്ലാം ഈ മത്സരത്തിൽ പങ്കെടുപ്പിക്കാനുള്ള ഊർജിത ശ്രമങ്ങളിലാണ് കുടുംബശ്രീ. ഇതിനകം തന്നെ മൂവായിരത്തോളം അയൽക്കൂട്ട വനിതകൾ  കാർഷിക ചലഞ്ചിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

സി.ഡി.എസ് തലത്തിലാണ് മത്സരം സംഘടിപ്പിക്കുന്നത്. അയൽക്കൂട്ട കുടുംബങ്ങളിൽ കുറഞ്ഞത് ഒരു സെന്റ് സ്ഥലത്തെങ്കിലും കൃഷി ചെയ്തിരിക്കണം. കൃഷി ചെയ്യുന്ന പച്ചക്കറി ഇനങ്ങളുടെ വൈവിധ്യവും ഉൽപാദനത്തിന്റെ അളവും പരിഗണിച്ചാണ് ഓരോ മത്സര വിജയികളെ കണ്ടെത്തുന്നത്. ജൈവക്കൃഷി മാതൃക

അവലംബിക്കണമെന്നും കർശന നിർദേശമുണ്ട്. പച്ചക്കറി ഉൽപാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്ന സർക്കാരിന്റെ ലക്ഷ്യത്തെ പിന്തുണയ്ക്കുന്നതിനും പച്ചക്കറികളുടെ കാര്യത്തിൽ അയൽ സംസ്ഥാനങ്ങളോടുള്ള ആശ്രയത്വം കുറച്ച് ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ സ്വന്തമാക്കുന്നതിനും അടുക്കളത്തോട്ടം ചലഞ്ച്2020 സഹായിക്കുമെന്നാണ് കരുതുന്നത്. അയൽക്കൂട്ട കുടുംബാംഗങ്ങൾക്ക് തങ്ങളുടെ വീട്ടു മുറ്റത്ത് വിവിധ പച്ചക്കറികൾ കൃഷി ചെയ്ത് വിളവെടുത്ത് ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതു വഴി വിരസത ഒഴിവാക്കാൻ സാധിക്കും എന്നതും ഈ പദ്ധതിയുടെ നേട്ടമാണ്.

ഓരോ അയൽക്കൂട്ട വനിതയുടെ വീട്ടിലും ഒരുക്കുന്ന അടുക്കളത്തോട്ടത്തിന്റെ പുരോ ഗതി അതത് എ.ഡി.എസ് ഭാരവാഹികളുട നേതൃത്വത്തിലാണ് സി.ഡി.എസിനെ അറിയിക്കുന്നത്. സി.ഡി.എസിന്റെ നേതൃത്വത്തിൽ ഈ വിവരങ്ങൾ ജില്ലാമിഷനിലും അറിയിക്കും. കൃഷിക്ക് വിത്തിടുന്നതു മുതൽ ജൂലൈ 20 മുതൽ ആഗസ്റ്റ് 10 വരെയുള്ള കാലയളവിൽ കുടുംബശ്രീ അധികൃതർ, കാർഷിക മേഖലയിലെ വിദഗ്ധർ , എന്നിവർ അയൽക്കൂട്ട അംഗങ്ങളുടെ അടുക്കളത്തോട്ടങ്ങൾ സന്ദർശിച്ച് അവയുടെ മികവ് വിലയിരുത്തും. ഓരോ സി.ഡി.എസിൽ നിന്നും മികച്ച മൂന്നു സി.ഡി.എസുകളെ കണ്ടെത്തി ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് യഥാക്രമം 1001, 501, 251 രൂപ വീതം ക്യാഷ് പ്രൈസ് നൽകും. അടുക്കളത്തോട്ടം ചലഞ്ച് മത്സരത്തിൽ പങ്കെടുക്കാനുള്ള അവസാന തീയതി ഏപ്രിൽ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ലോക്ക് ഡൗൺ കാലം കഴിഞ്ഞും അടുക്കളത്തോട്ടവുമായി മുമ്പോട്ടു പോകാനാണ് അയൽക്കൂട്ട കുടുംബങ്ങളുടെ ആഗ്രഹം.